സമേ ആയിട്ടുള്ളൂ. ഇതിനുമുമ്പും ഈ നിയമസഭയിൽ ഇത്തരം നടപടികൾ ഉണ്ടായിട്ടുണ്ട്. ആ കാര്യങ്ങൾ തെരഞ്ഞെടുപ്പിനു മുമ്പ് രാഷ്ട്രീയനേതാക്കളും മറ്റു നേതാക്കളും പ്രകടനപത്രികയിൽ വിശദീകരിക്കാറുണ്ട്. അതിൽ ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞതല്ലേ ഇതിൽ എഴുതിവച്ചിരിക്കുന്നത്?

At the commencement of every session, the Governor shall address the Legislative Assembly or, in the case of State having a Legislative Council, both Houses assembled together and inform the Legislature of the causes of its summons.

ഇത് ഓരോ വർഷത്തേയ്ക്കും ആണ്. അഞ്ച് കൊല്ലത്തേക്ക് അല്ല, അത് മനസ്സിലാക്കാതെ അഞ്ചു കൊല്ലത്തിന്റെ കാര്യമാണെന്നാണ് ഇവിടെ പറയുന്നത്. അപ്പോൾ ആ അടിസ്ഥാനത്തിൽ നോക്കുമ്പോൾ നയപ്രഖ്യാപനത്തിന്റെ മാതൃകയിലാണ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ലഘുലേഖ ഇറക്കിയത്. ഇത് അനൗചിത്യമാണെന്നാണല്ലോ ബഹുമാനപ്പെട്ട മാണിയുടെ ആരോപണം. തെരഞ്ഞെടുപ്പിനു മുമ്പ് രാഷ്ട്രീയനേതാക്കൾ അവരുടെ മാനിഫെസ്റ്റോ വിശദീകരിച്ചുകൊണ്ട് പ്രസംഗിക്കാറുണ്ട്. അധികാരത്തിൽ വരുമ്പോൾ മന്ത്രിമാർ പ്രകടനപത്രികയിലെ വാഗ്ദാനങ്ങളെക്കുറിച്ച് പ്രസംഗിക്കാറുണ്ട്. ഉദാഹരണമായി, 1957-ന് മുമ്പും ശ്രീ. പട്ടം താണുപിള്ള അതിനുശേഷം ഇ.എം.എസ്. ഇവരൊക്കെ ആ പീരിഡിൽ എക്സ്പ്ലയിൻ ചെയ്തിട്ടുണ്ട്. അതിന്റെ രേഖകൾ ഇവിടെ ഉണ്ട്. 1957 മുതൽ അത് ചെയ്യാൻ തുടങ്ങിയവർ മുതൽ ഇങ്ങോട്ടുള്ളവർ മുഴുവനും പ്രസംഗിച്ചപ്പോഴൊന്നും നിയമസഭയ്ക്ക് അനൗചിത്യമല്ല, ഔചിത്യമായി. ഇന്നിപ്പോൾ അത് അനൗചിത്യമായി. ഇതിനകത്ത് എന്താണ് എഴുതിയിരിക്കുന്നത്? ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രകടനപത്രികയിലെ വാഗ്ദാനങ്ങളിലേക്ക് ഒരെത്തിനോട്ടം ആണ് ഈ ലഘുലേഖ. ഇതാണ് ഇതിനകത്ത് എഴുതിയിരിക്കുന്നത്. അത് പറയാൻ പാടില്ലേ? അപ്പോൾ ആ അടിസ്ഥാനത്തിൽ ഇല്ലാത്തത് വായിച്ച് ഉള്ളതിനെപ്പറ്റി അവാസ്തവം പറയാൻ പാടുണ്ടോ? അതാണ് ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മാണി (ബഹളം) മന്ത്രി മാണിയല്ല ബഹുമാനപ്പെട്ട മാണിയെന്നാണ് ഞാൻ പറഞ്ഞത്. ഞാനും മാണിയും തമ്മിലുള്ള ബന്ധം മാണിക്ക് അറിയാമല്ലോ. ഒരുകാലത്ത് എന്റെ ഗവൺമെന്റിന്റെ ധനകാര്യവകുപ്പ് മന്ത്രിയായിരുന്ന ആളല്ലേ ശ്രീ. മാണി. അതറിയില്ലേ നിങ്ങൾക്ക്? അറിയാത്തവരല്ലല്ലോ അവിടെയിരിക്കുന്ന പലരും. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണമായ 'കേരളം മുന്നോട്ട്' എന്നതിനെക്കുറിച്ചാണല്ലോ ആക്ഷേപം. പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനങ്ങളിലേക്ക് ഒരെത്തിനോട്ടം മാത്രമാണ് അത്. ഈ വസ്തുതയുടെ വെളിച്ചത്തിൽ ഒരു പോയിന്റുമില്ല, ഒരു ഓർഡറുമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ, ഇതിൽ ഒരു പോയിന്റുമില്ല, ഒരു ഓർഡറുമില്ല.... (ബഹളം)......

# VII. റൂളിംഗ്

<u>മി. സ്പീക്കർ</u> : ഇവിടെ ഉന്നയിച്ച ക്രമപ്രശ്നങ്ങൾക്ക് മറുപടി പറഞ്ഞിട്ട് അടുത്തതിലേക്ക് കടക്കാം. ഗവർണ്ണറുടെ പ്രസംഗത്തിനു മുമ്പ് 'കേരളം മുന്നോട്ട്', "On the threshold of transition' എന്നീ പ്രസിദ്ധീകരണങ്ങൾ പി.ആർ.ഡി. പുറപ്പെടുവിച്ചത് സഭയോടുള്ള അനാദരവാണെന്നാണ് ബഹുമാനപ്പെട്ട മാണിയുടെ ക്രമപ്രശ്നം. ഭരണഘടനയുടെ 176-ാം ഖണ്ഡിക

നുസരിച്ചുള്ള ഗവർണ്ണറുടെ പ്രസംഗം നീട്ടിവച്ചതിനെപ്പറ്റിയും ശ്രീ. കെ.എം. മാണി ഉന്നയിച്ചിട്ടുണ്ട്. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ നയപരമായ കാര്യങ്ങൾ സഭയിൽ പറയുന്നതിനു പകരം സഭയ്ക്കു പുറത്ത് പ്രസിദ്ധപ്പെടുത്തുന്നത് അനൗചിത്യം ആണെന്നതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും, ശ്രീ. പാലോട് രവിയും ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം. ബഹുമാനപ്പെട്ട മെമ്പർമാരും ഗവൺമെന്റ് ഭാഗത്തുനിന്നും മുഖ്യമന്ത്രിയും നിയമവകുപ്പ് മന്ത്രിയും ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ചെയർ പരിശോധിച്ചു. ഭരണഘടനയുടെ 176-ാം ഖണ്ഡത്തിലെ വ്യവസ്ഥകളനുസരിച്ച് പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ആദ്യത്തെ സമ്മേളനത്തിന്റെയും തുടർന്നുള്ള ഓരോ വർഷത്തിലേയും ആദ്യസമ്മേളനത്തിന്റെയും തുടക്കത്തിൽ ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗം നടത്തേണ്ടതാണ്. ലോക്സഭയിലും നമ്മുടെ നിയമസഭയിലും ഇതേ നടപടിക്രമമാണ് പാലിച്ചുപോന്നിട്ടുള്ളത്. എന്നാൽ ഇപ്രാവശ്യം ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗം സഭ തുടങ്ങി 42 ദിവസങ്ങൾക്കു ശേഷമാണ് നടന്നത്. നിയമസഭ വിളിച്ചുകൂട്ടുന്നതിനും, ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗം എന്നു നടത്തണമെന്ന കാര്യം തീരുമാനിക്കാനുമുള്ള അധികാരം ഗവൺമെന്റിലും ഗവർണ്ണറിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. കൂടാതെ നയപ്രഖ്യാപനപ്രസംഗം നടത്തുന്നതിനു മുമ്പ് ഗവൺമെന്റ് നടപടിയൊന്നും സഭയിൽ സർക്കാർ കൊണ്ടുവന്നിട്ടുമില്ല. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഭരണഘടനാ ലംഘനമോ, നിയമപരമായ അപാകതകളോ ഉള്ളതായി ചെയർ കരുതുന്നില്ല. എന്നിരുന്നാലും ഇക്കാര്യത്തിൽ 1996 മെയ് 30-ാം തീയതി സഭയിൽ അംഗങ്ങൾ പ്രകടിപ്പിച്ച വികാരം ഗവൺമെന്റ് പരിഗണിക്കേണ്ടതായിരുന്നു എന്ന് ചെയർ കരുതുന്നു... (ബഹളം)........ നയപരമായ കാര്യങ്ങൾ സഭയ്ക്കു പുറത്ത് പറയുന്നതും, പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന ഗവൺമെന്റ് നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ലഘുലേഖകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അനൗചിത്യം സംബന്ധിച്ചുമുള്ളതാണ് രണ്ടാമത്തെ പ്രശ്നം. ഒരു പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ഗവൺമെന്റ് ഭരണപരമായി എന്തൊക്കെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വകുപ്പ് മന്ത്രിമാർ പ്രസ്താവന നടത്തുന്നതിൽ അനൗചിത്യം ഉള്ളതായി ചെയർ കരുതുന്നില്ല. അധികാരം ഏറ്റെടുത്തശേഷം റേഡിയോ, ദൂരദർശൻ, വർത്തമാനപത്രങ്ങൾ എന്നിവയിലൂടെ പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരും മറ്റു മന്ത്രിമാരും പുതിയ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുന്ന കീഴ്വഴക്കം മുമ്പും ഉണ്ടായിട്ടുണ്ട്. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് നടപ്പിലാക്കുന്ന ഭരണപരമായ കാര്യങ്ങളെപ്പറ്റിയും ആണ് ശ്രീ. മാണി സൂചിപ്പിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങളുടെ ഉള്ളടക്കം. കാലാകാലങ്ങളിലുള്ള ഗവൺമെന്റുകൾ ചെയ്തുപോരുന്ന ഒരു നടപടിയുടെ തുടർച്ച മാത്രമാണ് ഇത്. ഭരണപരമായ കാര്യങ്ങൾ മാത്രം ഉൾക്കൊള്ളുന്നതുമാണ് അതിലെ പരാമർശവിഷയങ്ങൾ. അതല്ലാതെ നയപരമായ പുതിയ പ്രഖ്യാപനങ്ങൾ ഒന്നുംതന്നെ ഇതിൽ അടങ്ങിയിട്ടുള്ളതായി ചെയർ കരുതുന്നില്ല. അതിനാൽ പരാമർശവിഷയമായ പ്രഖ്യാപനങ്ങളോ, പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങളോ സഭയോടോ ഭരണഘടനയോടോ ഗവർണ്ണറോടോ ഉള്ള അനാദരവായി കാണാൻ കഴിയുകയില്ല. അതേസമയം നിയമസഭാ സമ്മേളനകാലത്ത് നയപരമായ തീരുമാനങ്ങൾ എന്തെങ്കിലും ഗവൺമെന്റ് എടുക്കുകയാണെങ്കിൽ അത് ആദ്യം സഭയെ അറിയിക്കണമെന്ന പ്രഖ്യാപിതമായ പാർലമെന്ററി കീഴ്വഴക്കം ഗവൺമെന്റ് പാലിക്കുമെന്നു തന്നെയാണ് ചെയറിന്റെ പ്രത്യാശ. ഇപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഈ കീഴ്വഴക്കത്തിന് ലംഘനമുണ്ടായതായി ചെയർ കരുതുന്നില്ല. അതു കൊണ്ട് ഈ ക്രമപ്രശ്നവും നിലനിൽക്കുന്നില്ല.

ശ്രീ. കെ.എം. മാണി : സർ, വിഷയം അതല്ല. ഗവർണ്ണർ ഇവിടെ പ്രസംഗം നടത്തിയപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ ആ പ്രസംഗം മുഴുവൻ വായിക്കുകയുണ്ടായില്ല. ഭരണഘടനയിൽ പറയുന്നത് നിയമസഭയിൽ ബഹളം ഉണ്ടാകുകയും വായിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമുണ്ടാവുകയും ചെയ്യുമ്പോൾ ഗവർണ്ണർ പ്രസംഗം മുഴുവനായി നടത്തിയില്ലെങ്കിൽ നീതീകരിക്കാം എന്നാണ്. അല്ലാത്ത സാഹചര്യങ്ങളിൽ അത് മുഴുവൻ വായിക്കണമെന്നുള്ളതാണ്. ശ്രീ. ജ്യോതിബസുവിന്റെ കമന്റിൽ

If owing to interference from some Members, it is not possible for the President or Governor to read out the whole of his speech, the court cannot hold that there has been a failure in the performance of the Constitutional duty under Art. 87.

ഇവിടെ ഗവർണ്ണർക്ക് അസാധാരണമായി ഒരു എമർജൻസി ഇല്ല. ഞങ്ങൾക്ക് വിതരണം ചെയ്ത പ്രസംഗത്തിൽ ഗവർണ്ണർ പ്രസംഗിക്കാത്ത ഭാഗങ്ങൾ ഉണ്ട്. ഗവർണ്ണർക്ക് ഇവിടെ പ്രസംഗം മുഴുവനാക്കുന്നതിന് അസാധാരണമായ സാഹചര്യം ഇല്ല, എമർജൻസി ഇല്ല, ഒരു ബഹളവുമില്ല. പഞ്ചാബ് നിയമസഭയിലും ബംഗാൾ നിയമസഭയിലും ഇങ്ങനെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സുപ്രീംകോടതി പറഞ്ഞിട്ടുള്ളത് അസാധാരണമായ സന്ദർഭത്തിൽ, പ്രസംഗം നടത്തുവാൻ നിർവ്വാഹമില്ലാത്ത സന്ദർഭങ്ങളിൽ മേശപ്പുറത്തു വച്ചാൽ മതിയെന്നാണ്. പക്ഷേ ഇവിടെ നിശ്ശബ്ദമായി ഞങ്ങൾ ഇരുന്നു. ഒരു നിയമസഭാ സമ്മേളനത്തിൽ അസാധാരണമായ യാതൊരു സാഹചര്യവുമില്ലാത്ത സന്ദർഭത്തിൽ ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗം മുഴുവനായി വായിക്കാതെ, രണ്ടുമൂന്നു പാരഗ്രാഫ് മാത്രം വായിച്ചതിനുശേഷം, ആ പ്രസംഗത്തിന്റെ കോപ്പി അവിടെ വിതരണം ചെയ്തത് ശരിയല്ല. അതിനുണ്ടായ പ്രത്യേക സാഹചര്യമെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വെളിപ്പെടുത്തണമെന്ന് വളരെ താഴ്മയോടുകൂടി ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ : ശ്രീമതി സാവിത്രി ലക്ഷ്മണൻ ആണ് വാസ്തവത്തിൽ ഈ വിഷയം മുൻകൂട്ടി എഴുതിത്തന്നത്. ശ്രീ. കെ.എം. മാണി ഇപ്പോൾ പൊടുന്നനെ ഉന്നയിച്ചതാണ്. അവർ അക്കാര്യം പറഞ്ഞോട്ടെ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഈ സഭയിലെ ഒരു പുതുമുഖമെന്ന നിലയിൽ എനിക്ക് ആദ്യം സംസാരിക്കേണ്ടിവന്നത് ഒരു ക്രമപ്രശ്നവുമായി ബന്ധപ്പെട്ട വിഷയമാണെന്നതിൽ ഖേദമുണ്ട്. ഇതൊഴിവാക്കാനായി കഴിഞ്ഞ നാലു ദിവസമായി ഞാൻ തലപുകഞ്ഞാലോചിച്ചു. കടലാസ്സുകൾ മറിച്ചുനോക്കി. എന്നിട്ടും ഒരു രക്ഷയുമില്ല. അതുകൊണ്ട് പരിണതപ്രജ്ഞനായ അങ്ങയുടെ റൂളിംഗ് ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഞാൻ തേടുകയാണ്. ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗം മുഴുവൻ വായിച്ചില്ല എന്നത് ഞാൻ അറിയുന്നത് അദ്ദേഹത്തിന്റെ അച്ചടിച്ച പ്രസംഗം കിട്ടിയപ്പോൾ മാത്രമായിരുന്നു. പ്രസംഗം അപൂർണ്ണമാണെന്ന് മനസ്സിലാക്കാനുള്ള ഒരു സാഹചര്യവും അന്ന് സഭയിലുണ്ടായിരുന്നില്ല. പ്രതിപക്ഷത്തുള്ളവരും നിശ്ശബ്ദതയോടുകൂടി അദ്ദേഹത്തിന്റെ പ്രസംഗം കേട്ടിരുന്നു. മാന്യമായ ഒരു പ്രതിപക്ഷത്തിൽ നിന്നും പ്രതീക്ഷിക്കേണ്ട അന്തസ്സുറ്റ പ്രതികരണമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഭരണകക്ഷിയിലെ അംഗങ്ങളും യാതൊന്നും ശബ്ദിച്ചില്ല. വികാരഭേദങ്ങളൊന്നും കാണിച്ചിരുന്നില്ല. ഒരുപക്ഷേ ഗവർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

റുടെ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ അവർക്ക് കിട്ടിയിട്ടുണ്ടായിരിക്കാം. ഏതായാലും യാതൊരു വികാരഭേദവുമില്ലാത്ത ഭരണകക്ഷിയംഗങ്ങൾ അത് കേട്ടുകൊണ്ടിരുന്നു........ (ബഹളം)...........

മി. സ്പീക്കർ : ഇൻസിന്യൂവേഷനുള്ള പദപ്രയോഗങ്ങളൊന്നും പാടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സൂചി വീണാൽ കേൾക്കുന്ന നിശ്ശബ്ദതയായിരുന്നു അന്ന് ഉണ്ടായിരുന്നത്. This may be taken as read എന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗം മേശപ്പുറത്ത് വയ്ക്കുന്നു എന്നും പറഞ്ഞില്ല, മേശപ്പുറത്ത് വച്ചിട്ടുമില്ല, വേറെ ആരെയെങ്കിലും വായിക്കാൻ ചുമതലപ്പെടുത്തിയിട്ടുമില്ല. ഈവക കാരണങ്ങളാൽ ഈ പ്രസംഗത്തിന്റെ വായിക്കാത്ത ഭാഗം വച്ച് പ്രസംഗം ചർച്ചയ്ക്ക് വിധേയമാക്കാൻ സാധിക്കുമോയെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അങ്ങേയ്ക്ക് ഒരുപക്ഷേ വളരെ താല്പര്യമുണ്ടായേക്കാം, 1965 ഫെബ്രുവരി 8-ാം തീയതി പശ്ചിമബംഗാൾ ഗവർണ്ണർ ശ്രീമതി പത്മജാ നായിഡു അച്ചടിച്ച പ്രസംഗത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

മി. സ്പീക്കർ : അത്രയും ഇലാബറേഷൻ വേണ്ട.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ഉദാഹരണങ്ങൾ ഇഷ്ടംപോലെയുണ്ട്. അന്ന് മേശപ്പുറത്ത് വച്ചിട്ടും കോടതിയിൽ പോയി. ബഹുമാനപ്പെട്ട കോടതി പറഞ്ഞത്, ബഹളം ഉണ്ടാകുന്നതിന്റെ പേരിൽ ഗവർണ്ണറുടെ പ്രസംഗം വായിക്കാതിരിക്കുന്നത് ഇത്തരം ബഹളത്തെ പ്രോത്സാഹിപ്പിക്കുന്ന ഏർപ്പാടായതുകൊണ്ട് ഇത് നടപ്പില്ല എന്നായിരുന്നു. ഇതുപോലുള്ള കോടതി ഉത്തരവുകൾ വേറെയും ഉണ്ട്. കഴിഞ്ഞ നാലു ദിവസമായി ഞാൻ ഇതിന്റെ പിന്നാലെ നടക്കുകയായിരുന്നു.

മി. സ്പീക്കർ : ഇങ്ങനെ നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. പോയിന്റ് ഓഫ് ഓർഡറുകൾക്ക് പരിമിതികളുണ്ട്; സമയവുമുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അങ്ങയുടെ നിർദ്ദേശമനുസരിച്ച് ഞാൻ മറ്റ് ഉദാഹരണങ്ങളിലേക്ക് കടക്കുന്നില്ല. പലയിടങ്ങളിലും ബഹളമുണ്ടായപ്പോൾ ഗവർണ്ണർക്ക് പ്രസംഗം പൂർത്തിയാക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ബഹളം ഇല്ലാതെ തന്നെ ഗവർണ്ണർ പ്രസംഗം പൂർത്തിയാക്കാത്ത സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്.

മി. സ്പീക്കർ : അതൊക്കെ പറഞ്ഞുകഴിഞ്ഞു. The point is very clear.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ഇത് വ്യത്യസ്തമായ ഒരു പോയിന്റാണ്. പശ്ചിമബംഗാളിൽ തന്നെ 1969 മാർച്ച് മാസത്തിൽ ഗവർണ്ണർ ശ്രീ. ധർമ്മവീര അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ രണ്ട് പാരഗ്രാഫ് വായിക്കാതിരുന്നത് ആ ഭാഗം അദ്ദേഹത്തിന് താല്പര്യമില്ലാത്തതുകൊണ്ടായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണർ വായിക്കാതിരുന്ന ഭാഗങ്ങൾ അദ്ദേഹത്തിന് ഇഷ്ടമില്ലാത്തതുകൊണ്ടാണോയെന്നു കൂടി അറിയണം. ഒരുപക്ഷേ അദ്ദേഹത്തിന് ഇഷ്ടമില്ലാത്തതുകൊണ്ടാകാം.

മി. സ്പീക്കർ : അംഗങ്ങൾക്ക് അനുവദിക്കുന്ന സമയം ദുർവിനിയോഗം ചെയ്യരുത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താത്വികാചാര്യനായ ശ്രീ. ഇ.എം. എസ്. 18.3.1969-ൽ ഈ പ്രശ്നം സംബന്ധിച്ച് സഭയിൽ ഒരു മോഷൻ അവതരിപ്പിച്ചിട്ടുണ്ട്.

I move that the situation arising out of the non-fulfilment of the constitutional obligations on the part of the Governor of West Bengal by his refusal to read certain passages of his opening speech prepared by the Cabinet, in so far as it endangers the future of the Cabinet System of Government in this country, be discussed.

ഇവിടത്തെ ക്യാബിനറ്റ് വ്യവസ്ഥിതിയുടെ ഭാവിയെ ബാധിക്കുന്നതാണിത്. ഇവിടത്തെ ഭരണഘടനയെ ബാധിക്കുന്നതായതുകൊണ്ട് 176(2) പ്രകാരം ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിന്റെ നന്ദിപ്രമേയം ചർച്ച ചെയ്യാനാകുന്നതാണോ, അല്ലയോ എന്നുള്ളതാണ് പ്രശ്നം. ഗവർണ്ണർക്ക് പൂർണ്ണ നിശബ്ദമായ അന്തരീക്ഷത്തിൽ മുഴുവൻ പ്രസംഗവും വായിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന് പ്രസംഗം മേശപ്പുറത്തു വയ്ക്കാൻ കഴിഞ്ഞിട്ടില്ല. This may be taken as read എന്ന് പറഞ്ഞിട്ടില്ല. മറ്റാരെയും വായിക്കാൻ ചുമതലപ്പെടുത്തിയിട്ടുമില്ല. ആ സ്ഥിതിക്ക് 176(2) അനുസരിച്ച് ഈ പ്രമേയം ചർച്ച ചെയ്യാമോ? ആചാര്യവര്യനായ ശ്രീ. ഇ.എം.എസ്. മുമ്പ് അഭിപ്രായപ്പെട്ടതുപോലെ ഈ രാജ്യത്തെ ക്യാബിനറ്റ് വ്യവസ്ഥിതിക്ക് അപകടകരമായ ഒരു സ്ഥിതി വരുത്തിവയ്ക്കാമോയെന്നുള്ളതു സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. നന്ദി.

മി. സ്പീക്കർ : ക്രമപ്രശ്നങ്ങൾ ഉന്നയിക്കുന്ന അംഗങ്ങളുടെ എല്ലാം അവകാശം സംരക്ഷിക്കേണ്ട ചുമതല ചെയറിനാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഓരോ പ്രശ്നത്തിന്റെയും ഗൗരവം മനസ്സിലാക്കിയിട്ട് ആവശ്യത്തിന് സമയം അനുവദിക്കുകയും ചെയ്യും. പക്ഷേ അത് ദുർവിനിയോഗം ചെയ്യാൻ പാടില്ല. This is a very bad practice. അതു പറയാതിരിക്കാൻ നിവൃത്തിയില്ല...... (ബഹളം)..........

ശ്രീ. ടി.കെ. ഹംസ : സർ, ഇക്കാര്യത്തിൽ ഞാൻ ഒരുവാക്ക് പറയട്ടെ. ഒന്ന്, ഗവർണ്ണറുടെ പ്രസംഗം മുഴുവനും സഭയിൽ വായിച്ചുതീർക്കണമെന്ന് ഭരണഘടനയിലോ, നടപടിക്രമത്തിലോ ഇല്ല..... (ബഹളം)....... രണ്ട്, ചില പ്രത്യേക സാഹചര്യത്തിൽ പ്രസംഗം മേശപ്പുറത്തു വയ്ക്കാമെന്ന് ബഹുമാനപ്പെട്ട മാണി തന്നെ ഇവിടെ പറയുകയുണ്ടായി. ആ പ്രത്യേക സാഹചര്യം ബഹളം കൊണ്ടു മാത്രമാണോ? ചിലപ്പോൾ അസുഖം കൊണ്ടാകാം, സമയക്കുറവുകൊണ്ടാകാം, അദ്ദേഹത്തിന്റെ പ്ലെയിൻ പോകും എന്നുള്ളതുകൊണ്ടാകാം. അതദ്ദേഹത്തിനേ അറിയാവൂ. അത്തരത്തിലുള്ള പല കാരണങ്ങളാലാകാം.

ശ്രീ. കെ.എം. മാണി : അത് എന്താണെന്ന് മുഖ്യമന്ത്രി പറഞ്ഞാൽ മതി.

ശ്രീ. ടി.കെ. ഹംസ : മൂന്നാമതായി, ബഹുമാനപ്പെട്ട മുൻ ഗവർണ്ണർ ശ്രീ. രാച്ചയ്യ ഇതുപോലെ പ്രസംഗം മുഴുവൻ വായിക്കാതെ ഇവിടെ വച്ചു പോയിട്ടുണ്ട്. ഇതൊന്നും ശ്രീ. മാണിക്ക് അറിയാത്ത കാര്യങ്ങളല്ല. അനാവശ്യമായി ഇല്ലാത്ത പ്രശ്നങ്ങൾ വലിച്ചിഴച്ച് സമയം ദീർഘിപ്പിച്ച് കൊണ്ടുപോകാനുള്ള തന്ത്രമെന്നല്ലാതെ ഇതിന്റെ അർത്ഥം എന്താണ്? ......... (ബഹളം)......

മി. സ്പീക്കർ : ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. ഇതിനേക്കാൾ സമയം അനുവദിക്കാൻ ആർക്കും കഴിയില്ല....... (ബഹളം).........

ശ്രീ. കെ. പ്രകാശ്ബാബു : സർ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ സംസാരിച്ച കൂട്ടത്തിൽ പറഞ്ഞത്, ഭരണകക്ഷി അംഗങ്ങൾക്ക്.......

## VIII. റൂളിംഗ്

മി. സ്പീക്കർ : ശ്രീ. പ്രകാശ്ബാബുവിന് ഈ വിഷയം ഉന്നയിക്കുന്നതിന് ഇത് കഴിഞ്ഞതിനുശേഷം സമയം തരാം. ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ജൂലൈ 12-ാം തീയതി നടത്തിയ നയപ്രഖ്യാപനപ്രസംഗം സഭയിൽ പൂർണ്ണമായി വായിക്കാതിരുന്നത് ഭരണഘടനാപരമായി തെറ്റാണെന്നുള്ളതാണ് ശ്രീ. കെ..എം. മാണിയും പ്രൊഫ. സാവിത്രി ലക്ഷ്മണനും ഇവിടെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഗവർണ്ണർ നിയമസഭയിൽ നടത്തുന്ന പ്രസംഗം മുഴുവനും അദ്ദേഹം സഭയിൽ വായിച്ചിരിക്കണമെന്നുള്ള നിഷ്കർഷയൊന്നും ഭരണഘടനയിലോ, നടപടിച്ചട്ടങ്ങളിലോ സൂചിപ്പിച്ചിട്ടില്ല. പല സംസ്ഥാന നിയമസഭകളിലും ഗവർണ്ണർമാർ പല കാരണങ്ങളാലും പ്രസംഗം മുഴുവൻ വായിക്കാത്ത കീഴ്വഴക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇക്കാര്യം കോടതിയുടെ പരിഗണനയിൽ വരികയും, പ്രസംഗത്തിന്റെ പകർപ്പ് സഭയിൽ വച്ചുകഴിഞ്ഞാൽ ആ പ്രസംഗം മുഴുവൻ വായിച്ചതായി കണക്കാക്കാമെന്നും അങ്ങനെ അംഗങ്ങൾക്ക് പ്രസംഗത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാമെന്നും കൽക്കട്ട ഹൈക്കോടതിവിധിയെപ്പറ്റി പ്രാക്ടീസ് ആന്റ് പ്രൊസീഡുവറിൽത്തന്നെ പരാമർശിച്ചിട്ടുണ്ട്. ഗവർണ്ണറുടെ പ്രസംഗം കഴിഞ്ഞ ഉടനെതന്നെ നയപ്രഖ്യാപന പ്രസംഗത്തിന്റെ കോപ്പികൾ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണ് എന്ന് ചെയർ അറിയിക്കുകയും, പ്രസംഗത്തിന്റെ കോപ്പികൾ സഭയിൽത്തന്നെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗവർണ്ണർ പ്രസംഗം മുഴുവനായി വായിക്കാതിരുന്നതിൽ യാതൊരപാകതയും ഉള്ളതായി ചെയർ കരുതുന്നില്ല. അതുകൊണ്ട് ഈ ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല. ശ്രീമതി ശോഭനാ ജോർജിന് ഒരു പ്രത്യേക പ്രശ്നമായതുകൊണ്ട് ഉന്നയിക്കാം. അത് ചെയർ പരിശോധിച്ചിട്ട് മറുപടി പറയാം.

## IX. ക്രമപ്രശ്നം

### നയപ്രഖ്യാപന പ്രസംഗം ചട്ടങ്ങൾക്കനുസരിച്ചുള്ളതാണോ എന്നത് സംബന്ധിച്ച്

ശ്രീമതി ശോഭനാ ജോർജ് : സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 176(1) വകുപ്പ് പ്രകാരം നിയമസഭാ സമ്മേളനം കൂടിയാൽ ആദ്യസമ്മേളനത്തിൽ തന്നെ ഗവർണ്ണർ നിയമസഭയെ അഭിമുഖീകരിച്ച് സംസാരിക്കേണ്ടതുണ്ട്. ഇവിടെ അതുണ്ടായില്ല. എന്നു മാത്രമല്ല, കാസസ് ഓഫ് സമൻസ് സഭയെ അറിയിക്കേണ്ട ചുമതലയും ഗവർണ്ണർക്കാണുള്ളത്. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗം അവതരിപ്പിക്കുന്നതു തന്നെ 53-ാമത്തെ ദിവസമാണ്. അപ്പോൾ കാസസ് ഓഫ് സമൻസ് എന്നു പറഞ്ഞാൽ ഇതുവരെ ഗവൺമെന്റ് എന്തൊക്കെ കാര്യങ്ങൾ ചെയ്തു, ഇനിയും എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു, എന്തൊക്കെയാണ് സഭയുടെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly